# പള്ളികഥകൾ

## മിനികഥകൾ നൂറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ, ഇപ്പോൾ വളരെ സങ്കടത്തിലാണ്. ഈ നൂറാമത്തെ കഥയോടു കൂടി ഈ പരമ്പര താൽക്കാലികമായി നിത്തുകയാണ് എന്നതാണ് കാരണം. അപ്പോൾ ഈ കഥ ഏതായിരിക്കണമെന്ന് പലവുരു ചിന്തിച്ചു. ആയിരമായിരം കഥകൾ മനസ്സിൽ കൂടെ കടന്നു വരുന്നുണ്ടെങ്കിലും ഏറ്റവും ഉചിതമായി ഈ കഥയാണ് അവസാനം തിരഞ്ഞെടുത്തത്.

# ഒടുക്കം

ജോസ് അച്ചൻ ജനിച്ചപ്പോൾ മുതൽ ഒരു സ്ത്രീ വിരോധിയാണ്. സ്വന്തം അമ്മയുൾപ്പെടെ, പെങ്ങന്മാരുൾപ്പെടെ ഈ ലോകത്തുള്ള സകല പെൺ വർഗ്ഗത്തോടും അദ്ദേഹത്തിന് ഇഷ്ടക്കേടാണ്. എന്താണ് കാരണമെന്ന് അദ്ദേഹത്തിന് തന്നെ അറിയില്ല.

വിദ്യാഭ്യാസം ഒരു പരിധി കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് ദൈവവിളി ഉണ്ടായി. സെമിനാരിയിൽ ചേന്നു. അവിടെയുള്ള പഠനം പൂത്തിയായപ്പോൾ ഒരു സംശയവും ഇല്ലാതെ സന്ന്യാസി പുരോഹിതനായി. അദ്ദേഹം ഒരു ദിവ്യനായി, പരിശുദ്ധനായി തീരുമെന്ന് അദ്ദേഹത്തെ അറിയുന്നവർ എല്ലാം കരുതി.

ഇത്രയും ജീവിത വിശുദ്ധിയുള്ള ആൾ സഭയിലെ ഒരു മെത്രാൻ ആകുമെന്ന് പലരും പ്രതീക്ഷിച്ചു. എന്നാൽ അദ്ദേഹത്തിന് അതിലൊന്നിനും താല്പര്യം ഇല്ലായിരുന്നു. ഇങ്ങേയറ്റം ഒരു റെമ്പാച്ചനാകാൻ പോലും അദ്ദേഹം ഇഷ്ടപ്പെട്ടില്ല. "ഈ കുപ്പായം എല്ലാം ചുമ്മിക്കോണ്ട് നടക്കാൻ എനിക്കു വയ്യ" തന്മൂലം സഭയിലെ വലിയ മെത്രാച്ചന്മാർ വെരെ അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. വെറും ഒരു സാധാരണ അച്ചനെ പോലെ അദ്ദേഹം കഴിഞ്ഞു. വെറും ഒരു കാപ്പാ മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. വളരെ ലളിതമായ ജീവിതം. അത് ഭക്ഷണ കാര്യങ്ങൾ ഉൾപ്പെടെ എല്ലാത്തിലും. ഇതെല്ലാം മറ്റാരേയും കാണിക്കാനല്ലായിരുന്നു.

ഇടവക വികാരിയെന്ന കാഠിന്യമുള്ള പണി പോലും അദ്ദേഹത്തിന് ഇഷ്ടമല്ലായിരുന്നു. വളരെ ചെറിയ ഒരു ഇടവക. വളരെ കുറച്ച് ആൾക്കാർ. അദ്ദേഹത്തെ തുടരെ സ്ഥലമാറ്റം ചെയ്യരുതെന്ന് ഭദ്രാസന മെത്രാപ്പേലീത്തായോടാവശ്യപ്പെട്ടിരുന്നു. മെത്രാച്ചനും സഹകരിച്ചു. അങ്ങിനെ കാലക്രമേണ ജോസച്ചന്റെ പള്ളിയെന്ന് അറിയപ്പെട്ടു. ഇത് വളരെയധികം വഷങ്ങൾക്കു മുമ്പുള്ള കാര്യങ്ങളാണ്.

സമീപപ്രദേശങ്ങളിൽ നിന്നല്ലാതെ, കേരളത്തിന്റെ വളരെ ദൂരെ നിന്നുപോലും ധാരാളം നാനാ ജാതി മതസ്ഥർ പോലും അദ്ദേഹത്തിന്റെ ആരാധനയിൽ സംബന്ധിക്കുവാൻ വന്നു. വളരെ ശ്രുതിമധുരവും ഭക്തി സാന്ദ്രവുമായ ആരാധന. മറ്റാരിൽ നിന്നും കേൾക്കാനിടയില്ലാത്ത പുത്തൻ വചന ശുശ്രൂഷ. രോഗികൾ സൗഖ്യമാകുന്നു. സന്താനസൗഭാഗ്യമില്ലാത്തവക്കു പരിഹാരമുണ്ടാകുന്നു. ജോലിയില്ലാത്തവക്കു ജോലി. അങ്ങിനെ ആ ദേവാലയവും പരിസരങ്ങളും പിശുദ്ധിയുടെ പരിമളം പാറിപ്പറക്കാൻ തുടങ്ങി. ജോസച്ചനേയോ, ആ ദേവലയത്തേയോ കുറിച്ച് എന്തെങ്കിലും മോശമായി ആരെങ്കിലും പറഞ്ഞാൽ ഉടനെ തന്നെ അവക്കു കിട്ടും. തന്മൂലം വളരെ ദൂരെ നിന്നുപോലും ആ ദേവാലയത്തിന്റെ പ്രാന്ത പ്രദേശങ്ങളിലേക്ക് വന്ന് താമസിക്കുവാൻ തുടങ്ങി. ആ പ്രദേശത്ത് ധാരാളം കടകമ്പോളങ്ങൾ ആയി. ആരും അറിയപ്പെടാതിരുന്ന ആ ചെറിയ ഗ്രാമം ലോകമെങ്ങും അറിയപ്പെടാറായി. ഒരു വിശുദ്ധ ഗ്രാമമായി അറിയപ്പെട്ടു.

ജോസച്ചന്, ആ പള്ളിയോട് വളരെ ചേന്ന് ഒരു പാഴ്സണേജുണ്ട്, താമസിക്കാൻ. കുശിനിക്കാരൻ കുരുവിള സഹായത്തിനുണ്ട്. ഭക്ഷണ കാര്യങ്ങൾ മാത്രമല്ല; കുബ്ബാനയ്ക്കു കൂടാനും പള്ളി വൃത്തിയാക്കാനും തൊട്ടടുത്തുള്ള അടുക്കള തോട്ടവും അല്ലാതുള്ള തോട്ടവും എല്ലാം നോക്കാനും കുരുവിളയുണ്ട്. അടുക്കള തോട്ടത്തിൽ നിന്നു കിട്ടുന്ന സാധനങ്ങൾ കൊണ്ടു വേണം ഭക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ എന്ന് അച്ചന് നിബ്ബന്ധമുണ്ട്. അതു കൂടാതെ പള്ളിയിലെ ഭക്ത ജനങ്ങൾ ധാരാളം സാധനങ്ങൾ അവിടെ എത്തിക്കാറുണ്ട്.

ജോസച്ചൻ ശമ്പളം ഒന്നും വാങ്ങാറില്ല. അതിന്റെ ആവശ്യമില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിമതം. ഇടവക വരിസംഖ്യായെന്നൊന്നുമില്ല. പള്ളിക്ക് പ്രത്യേകം ട്രഷററോ സെക്രട്ടറിയോ ഒന്നുമില്ല. കുരുവിളയാണ് എല്ലാമെല്ലാം. അച്ചൻ കഴിഞ്ഞാൽ അയാളാണ് എല്ലാം. എന്തെങ്കിലും കാര്യങ്ങൾക്ക് ക്രമക്കേടുകൾ എന്തെങ്കിലും കാണിച്ചാൽ അന്നേരം വിവരമറിയുമെന്ന് അയാൾക്കറിയാം. കുരുവിള വളരെ വിശ്വസ്തനാണ്

കാലം കടന്നു പോയി. ജോസച്ചൻ വൃദ്ധനായി; കുരുവിളയും. കുബ്ബാന ചൊല്ലുമ്പോൾ പ്രയാസങ്ങൾ നേരിടാൻ തുടങ്ങി. ആരാധനയുടെ മധുരിമ മങ്ങി. എന്നാലും ഭക്ത ജനങ്ങൾ ഇരച്ചു കയറി. അവക്ക് അനുഗ്രഹം വേണം. അത് ധാരാളമായി കിട്ടിക്കൊണ്ടിരുന്നു. ആ പള്ളിയിലെ എല്ലാ വീടുകളിലേയും മക്കൾ എല്ലാം അമേരിക്കയിൽ ആയി. അല്ലാതെ വിദേശ രാജ്യങ്ങളിലല്ല. അവക്കെല്ലാം നല്ല ജോലിയുമുണ്ട്. അവിടെയുള്ള എല്ലാ ഭവനങ്ങളിലും ഐശ്വര്യം ധാരാളമായി നിറഞ്ഞു തുളുമ്പി.

ജോസച്ചന് ആരാധന നടത്താൻ പ്രയാസമാണെന്നറിഞ്ഞ് ഒരു കൊച്ചച്ചനെ സഹായത്തിനായി കൊടുത്തു. ജോസച്ചന്റെ സ്വഭാവത്തിന് പറ്റിയ ഒരു സന്ന്യാസി അച്ചനെ ആയിരുന്നു പറഞ്ഞു വിട്ടത്. കൊച്ചച്ചന്റെ ഉള്ളമനസ്സിൽ ഒരിക്കൽ ഒരു മെത്രാനാകണമെന്നാഗ്രഹമുണ്ട്. പക്ഷേ, പുറത്തു കാട്ടിയില്ല. എല്ലാം അറിയാവുന്ന വല്ല്യച്ചൻ, ജോസച്ചന് കാര്യം മനസ്സിലായി. പക്ഷേ, പുറത്തു കാട്ടിയില്ല.

കൊച്ചച്ചൻ വന്നെങ്കിലും സാധാരണ എല്ലാ കുബ്ബാനയും വല്ല്യച്ചൻ തന്നെയാണ് നടത്താറുണ്ടായിരുന്നത്. എന്നാൽ ഇടയ്ക്കിടയ്ക്ക് കൊച്ചച്ചനേയും കൊണ്ട് ചൊല്ലിപ്പിക്കും. വല്ല്യച്ചൻ കുബ്ബാന ചൊല്ലുമ്പോൾ എല്ലാം കൊച്ചച്ചനും കാപ്പായിട്ടിരുന്നു. അത് മെത്രാച്ചൻ ആവശ്യപ്പെട്ടതുമാലമാണ്. മെത്രാച്ചനും പല പ്രായമുള്ളവരും വല്ല്യച്ചനിനിയും കുബ്ബാന ചൊല്ലണ്ടായെന്ന് പറഞ്ഞെങ്കിലും അദ്ദേഹം അത് വകവെച്ചില്ല. "എനിക്ക് കുബ്ബാന ചൊല്ലി കൊതി തീന്നിട്ടല്ലായെന്ന് അവരോടെല്ലാം മറുപടി പറഞ്ഞിരുന്നു.

"ഞാൻ ഈ മദ്ബഹായിൽ കുബ്ബാന ചൊല്ലിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ വീണ് മരിക്കണം" അതാണ് എന്റെ അന്ത്യാഭിലാഷം. ഒരിക്കൽ അതു സാധിച്ചു. ബസ്മുൽക്കാ കഴിഞ്ഞ് കോലാ ചൊല്ലികൊണ്ടിരുന്നപ്പോൾ തല കറങ്ങി താഴെ വീണു. തൊട്ടു പുറകിലുണ്ടായിരുന്ന കുരുവിള താങ്ങി. കൊച്ചച്ചൻ കുബ്ബാന പൂത്തീകരിച്ചു. വല്ല്യച്ചന്റെ ജഡമാണ് ആശുപത്രിയിലേക്ക് കൊണ്ടുപോയത്. കൂടെ പോയ കുരുവിളയും ആശുപത്രിയിൽ എത്തിച്ചേന്നത് ജഡമായിട്ടായിരുന്നു. ഒരു ആയുഷ്ക്കാലം മുഴുവനും സ്ത്രീകളെ അറിയാതെ ജോസച്ചനെ സേവിച്ചയാൾ ലോകയാത്ര പൂത്തീകരിച്ചു. വല്ല്യച്ചനേക്കാൾ ധന്യമായ ഒരു ജീവിതമാണ് അയാൾ നടത്തിയിരുന്നത്. പാപികളിൽ പാപി ആയ എന്നെ ഒരിക്കലും ഒരു പരിശുദ്ധനായി പ്രഖ്യാപിക്കരുതെന്ന് വല്ല്യച്ചൻ എഴുതി വെച്ചിരുന്നു